# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 4044

16-12-2014ൽ മറുപടിക്ക്

### വൈദ്യുതി മോഷണം

ചോദ്യം

ഉത്തരം

ശ്രീ. എ.എ.അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി മോഷണം സംബന്ധിച്ച് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഈടാക്കിയ പിഴയുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ ; | (എ) 2014 ലെ പിഴയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | വൈദ്യുതി മോഷണങ്ങളുടെ എണ്ണം | ഈടാക്കിയ തുക |
|---|---|---|
| തിരുവനന്തപുരം | 71 | 55,43,613 |
| കൊല്ലം | 64 | 38,48,004 |
| പത്തനംതിട്ട | 38 | 24,15,600 |
| ആലപ്പുഴ | 95 | 78,96,770 |
| കോട്ടയം | 38 | 34,44,099 |
| എറണാകുളം | 87 | 79,62,898 |
| തൃശ്ശൂർ | 23 | 17,20,129 |
| ഇടുക്കി | 25 | 21,94,385 |
| പാലക്കാട് | 49 | 34,37,099 |
| മലപ്പുറം | 56 | 31,88,167 |
| വയനാട് | 29 | 18,66,967 |
| കോഴിക്കോട് | 18 | 22,60,075 |
| കണ്ണൂർ | 16 | 10,83,690 |
| കാസറഗോഡ് | 20 | 21,03,127 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ഗാർഹിക ഉപഭോക്താക്കൾക്ക് അവർ താമസിക്കുന്ന വീട്ടിൽ തന്നെ ചെറിയ താത്ക്കാലിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വൈദ്യുതി ഉപയോഗി | (ബി) എതൊരു ഉപഭോക്താവിനും അനുവദനീയമായ കണക്ടഡ് ലോഡിനെക്കാൾ അധിക ലോഡ് ഉപയോഗിക്കുന്നതിന് ലൈസൻസികളുടെ അനുവാദം ആവശ്യമാണ്. എന്നിരുന്നാലും, ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014, റെഗുലേഷൻ 153 പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ നിയമാനുസൃത |

| | |
|---|---|
| ക്കുന്നതിന് കെ.എസ്.ഇ.ബിയുടെ അനുവാദം ആവശ്യമുണ്ടോ ; | കണക്റ്റഡ് ലോഡിന്റെ ഇരുപതു ശതമാനം വരെയും ഗാർഹികേതര ഉപഭോക്താക്കൾക്ക് പത്ത് ശതമാനം വരെയും പിഴ ഈടാക്കാതെ ഉപയോഗിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അധിക ലോഡ് ഉടൻ തന്നെ റെഗുലറൈസ് ചെയ്യേണ്ടതാണ്.<br>സപ്ലൈ കോഡ്, 2014, റെഗുലേഷൻ 154 (1) പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ പ്രിമിസസിനുള്ളിൽ താൽക്കാലികമായി (temporary extension) അനുവദനീയമായ കണക്റ്റഡ് ലോഡിന്റെ ഇരുപത് ശതമാനം വരെ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് അനധികൃത ഉപയോഗമായി കണക്കാക്കുന്നതല്ല.<br>എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 14.08.2014 – ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് അനുവദനീയമായ കണക്റ്റഡ് ലോഡിന്റെ ഇരുപത് ശതമാനമോ അല്ലെങ്കിൽ 1000 വാട്ട് വരെയോ (ഇതിൽ ഏതാണോ കുറവ്) ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (സി) ഇതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) സപ്ലൈ എക്സ്റ്റന്റ് ചെയ്യുന്നതിന് ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുകയും വേണം. പ്രതിഷ്ഠാപനത്തിന്റെ ടെസ്റ്റ് & പൂർത്തീകരണ സർട്ടിഫിക്കറ്റ്, ആവശ്യമുള്ള രേഖകൾ, ഇതിലേയ്ക്ക് ആവശ്യമായ തുക എന്നിവ സഹിതം സെക്ഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ